ഉത്തരം

(എ) 4 എണ്ണം.

(ബി, സി) കലവക്കോട്ട് ഓവർ ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡുകളുടെയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓവർ ബ്രിഡ്ജിന്റെ പണി റെയിൽവെ അധികൃതരാണു നടത്തുന്നതു്. അതു് എന്നു തീരുമെന്നു പറയുക സാദ്ധ്യമല്ല. അപ്രോച്ചു റോഡുകളുടെ പണി 1964 മദ്ധ്യത്തോടുകൂടി പൂർത്തിയാകുന്നതാണു്.

ഓവർ ബ്രിഡ്ജിന്റെ പണി

173. [11] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്കിൽ ഒരു ഓവർ ബ്രിഡ്ജു് കെട്ടുന്നതിനുവേണ്ടി ഈ ഗവണ്മെന്റു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഫറോക്കു് പഞ്ചായത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പഞ്ചായത്തു പൗരമുന്നണി ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടോ ;

(സി) അതിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ചു് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടു്?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഫറോക്കു്—കരുവാൻതുരുത്തി റോഡും മണ്ണൂർ—കടലുണ്ടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിനു ഫറോക്കു സ്റ്റേഷനുസമീപം റയിൽവേ വക സ്ഥലം തരുന്നതിനു റയിൽവെ അധികാരികളോടു് ആവശ്യപ്പെട്ടു. പക്ഷെ ആ സ്ഥലം വിട്ടുതരുന്നതിനു് സാദ്ധ്യമല്ലെന്നു റയിൽവെ അധികാരികളും അറിയിച്ചു. പഞ്ചായത്തു മുന്നണിയുടെ വേറൊരു നിവേദനം ഫറോക്കു റോഡിന്റെ വീതി കൂട്ടുവാനും ഒരു ബസ്സു് സ്റ്റാൻഡു് നിർമ്മിക്കുന്നതിനു് സ്ഥലം കൊടുക്കുന്നതിനുമാണു്. റോഡു് വീതി കൂട്ടുവാൻ ആവശ്യമായ സ്ഥലമെടുപ്പു നടപടികളും ഇതുവരെയും പൂർത്തിയായിട്ടില്ല. ബസ്സു് സ്റ്റാൻഡിനു് ആവശ്യമായ സ്ഥലം വിട്ടുകൊടുപ്പാൻ ഇപ്പോഴും നിവൃത്തിയില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 31-1-1964

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക

174. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ എത്ര സെക്ഷൻ ഉണ്ടു് ;

(ബി) ഓരോ സെക്ഷനിലും എത്ര ആളുകൾ ഉണ്ടു്;

(സി) ലേബർ എത്ര, സ്റ്റാഫു് എത്ര ;

(ഡി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly